**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1057   14.06.2012- ൽ മറുപടിക്ക്**

**ഇടുക്കിയിൽ ആധുനിക ഭൂകമ്പമാപിനി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.കെ ജയചന്ദ്രൻ | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ഭൂചലനങ്ങൾ തുടരെ അനുഭവപ്പെടുന്ന ഇടുക്കി ജില്ലയിൽ ദുരന്തനിവാരണ സേനാ യൂണിറ്റിന്റെ പ്രവർത്തനം ആരം ഭിച്ചിരുന്നോ ; എങ്കിൽ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ) | ഇല്ല. സംസ്ഥാനത്ത് 14 ജില്ലകളിലും സംസ്ഥാന ദുരന്ത നിവാരണ സേന (എസ്.ഡി.ആർ.എഫ്) രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇടുക്കിയിൽ നിലവിലുള്ള ഭൂകമ്പമാ പിനി എത്ര വർഷം പഴക്കമുള്ളതാണ് ; കാലപ്പഴക്കമുള്ള ഭൂകമ്പമാപിനി ഉപ യോഗപ്പെടുത്തുന്നതിനാൽ ഭൂകമ്പങ്ങ ളുടെ തോത് അളക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുവെന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇടുക്കിയിൽ കെ.എസ്.ഇ.ബി സ്ഥാപിച്ച ഭൂകമ്പമാപിനികൾക്ക് 17 വർഷത്തോളം പഴക്കമുണ്ട്. ഭൂകമ്പമാപിനികൾ ഭൂരി ഭാഗവും അനലോഗ് വിഭാഗത്തിൽ പെട്ടതായതുകൊണ്ട് ഭൂകമ്പങ്ങളുടെ തോത് കണക്കാക്കുന്നതിന് കൂടുതൽ സമയം എടുക്കുന്നുണ്ട്. |
| (സി) | ആധുനിക രീതിയിലുള്ള ഡിജിറ്റൽ ഭൂക മ്പമാപിനികൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ; എങ്കിൽ ഇടുക്കി യിൽ എത്രയെണ്ണം സ്ഥാപിക്കുമെന്ന വിവരം വെളിപ്പെടുത്തുമോ ? | (സി) | ആധുനിക രീതിയിലുള്ള ഡിജിറ്റൽ ഭൂകമ്പമാ പിനികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ ഇടുക്കി ജില്ലയിൽ അഞ്ച് ഭൂകമ്പമാപിനികളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ